(ഇ) ആശുപത്രി വികസന സമിതി മുഖേന വാങ്ങുന്ന മരുന്നുകൾ മാത്രമേ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) പർച്ചേസിംഗ് കമ്മിറ്റി മുഖേന വാങ്ങുന്ന മരുന്നുകളേക്കാൾ വലിയ വില നൽകിയാണ് എച്ച്. ഡി. സി. മുഖേന മരുന്നു വാങ്ങുന്നതെന്ന വസ്തുത മനസ്സിലാക്കി അടിയന്തിരമായി സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്നുകൾ വാങ്ങി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ ഇല്ലാത്ത അവസ്ഥ നിലവിലില്ല.

(ബി) ഡി. എച്ച്. എസ്.-ന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്റ്റോറുകളിലേക്കും ആവശ്യമായ മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്.

(സി) 2002-2003-ൽ ഉദ്ദേശം 53 കോടി രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്.

(ഡി) ഈ വർഷം ഇതുവരെ ഏകദേശം 30 കോടി രൂപയ്ക്കുള്ള മരുന്ന് വാങ്ങിയിട്ടുണ്ട്.

(ഇ) ഇത്തരം സാഹചര്യം നിലവിലില്ല.

(എഫ്) സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി മുഖേന മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്. തുടർന്നും ആവശ്യാനുസരണം വാങ്ങി നൽകുന്നതാണ്.

മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ

149 [150] ശ്രീ. എൻ. രാജൻ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ മരുന്ന് വാങ്ങിയതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം ഇനം മരുന്നുകൾ വാങ്ങിയതിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കാലാവധി കഴിഞ്ഞ എത്ര ഇനം മരുന്നുകൾ ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മരുന്നുക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ക്രമക്കേടുകൾ ഒന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ 2002-2003-ൽ പേവിഷബാധക്കെതിരായുള്ള മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ ഉള്ളതായി ആരോപിക്കപ്പെടുന്നുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) വിവിധ ജില്ലകളിലായി 31 ഇനം മരുന്നുകൾ.

(ഡി) എല്ലാ ജില്ലകളിലേക്കും ആവശ്യമായ മരുന്നുകൾ അവരുടെ വാർഷിക ഇന്റന്റ് പ്രകാരം വാങ്ങി എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ട്. സ്റ്റോറുകളിൽ നിന്നും ഓരോ സ്ഥാപനത്തിലേക്കും ആവശ്യമായ മരുന്നുകൾ യഥാസമയം നൽകിവരുന്നു. മരുന്നുക്ഷാമം ഇപ്പോൾ നിലവിലില്ല.

കൊക്കക്കോള-പെപ്സി ഉൽപ്പന്നങ്ങൾ നിരോധിക്കാൻ നടപടി

150 [151] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കക്കോള-പെപ്സി കമ്പനികളുടെ ഉല്പന്നങ്ങളിൽ അനുവദനീയ അളവിൽ കൂടുതൽ കീടനാശിനികളുടെ അംശം ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ ഉല്പന്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ലാബുകളിൽ പരിശോധിച്ചു; പരിശോധനാഫലം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പാലക്കാട്ടെ കൊക്കക്കോള-പെപ്സി കമ്പനികളിൽനിന്നും പുറന്തള്ളപ്പെടുന്ന ഖരമാലിന്യത്തിൽ മാരകമായ വിഷാംശം ഉണ്ടെന്ന പരാതി സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) പാലക്കാട്ടെ പെപ്സി, കോള കമ്പനി[illegible] ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമൂലം ആ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിനും, കാർഷികാവശ്യത്തിനുള്ള ജലത്തിനും ബുദ്ധിമുട്ടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) പെപ്സി-കൊക്കക്കോള ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഇവയുടെ വില്പന സംസ്ഥാനത്ത് നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly